# ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപത

**ഇടയലേഖനം 6**

ദൈവപരിപാലനയിൽ ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപതയുടെ മെത്രാനായ മാർ ജോസഫ് സ്രാമ്പിക്കൽ രൂപതയിലെ വൈദികർക്കും സന്യാസിനീസന്യാസികൾക്കും വിശ്വാസികൾ ഏവർക്കും എഴുതുന്നത്.

## ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപതാ ഗ്രാൻഡ് മിഷൻ 2019

മിശിഹായിൽ സ്നേഹം നിറഞ്ഞ വൈദീകരേ, സഹോദരീസഹോദരന്മാരേ,

2018 സെപ്റ്റംബർ 23 മുതൽ 29 വരെ റോമിൽ നടന്ന ഇംഗ്ലണ്ടിലെയും വെയിൽസിലെയും മെത്രാൻമാരുടെ ആദ് ലിമിനാ സന്ദർശനത്തോടനുബന്ധിച്ച് പരിശുദ്ധ പിതാവ് ഫ്രാൻസീസ് പാപ്പായെ കാണാനും ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപതയുടെ ഇതുവരെയുള്ള പ്രവർത്തന റിപ്പോർട്ട് പരിശുദ്ധ സിംഹാസനത്തിന് മുമ്പാകെ സമർപ്പിക്കുവാനും എനിക്കു സാധിച്ചു. കേവലം രണ്ടു വർഷം പൂർത്തിയാക്കിയ നമ്മുടെ രൂപതയുടെ ഈ റിപ്പോർട്ട് എളിയവരായ നമ്മിലൂടെ ദൈവം പ്രവർത്തിക്കുന്ന വലിയ കാര്യങ്ങളെക്കുറിച്ചുള്ള വിനയാന്വിതമായ കൃതജ്ഞതയോടെയാണ് തയ്യാറാക്കപ്പെട്ടത്. കേവലം സ്ഥിതി വിവര കണക്കുകളോ, വളർച്ചയുടെയും മുന്നേറ്റത്തിന്റെയും സൂചികകളോ അല്ല, മറിച്ച് ഒരു വിശ്വാസ സമൂഹത്തിന്റെ പ്രാർത്ഥനകളുടെയും പ്രതീക്ഷകളുടെയും അവയുടെ സാഫല്യത്തിനായി അവർ ചെയ്യുന്ന ആത്മസമർപ്പണത്തിന്റെയും സജീവ സാക്ഷ്യമായിരുന്നു അത്.

നമ്മുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി പിതാവിന്റെ അജപാലനസന്ദർശനത്തിന്റെ സന്തോഷത്തിലാണല്ലോ നാമെല്ലാവരും. ഈ സന്ദർശനവേളയിൽ നിലവിലുള്ള രണ്ട് ഇടവകൾക്കു പുറമേ നമ്മുടെ 28 മിഷനുകൾ വലിയ പിതാവ് ഉത്ഘാടനം ചെയ്തു. ഇടവക എന്ന നമ്മുടെ അജപാലന ശുശ്രൂഷയുടെ പ്രധാനപ്പെട്ട ലക്ഷ്യത്തിലേക്കുള്ള ഏറ്റവും അടുത്ത പടിയാണ് മിഷൻ. "ദൈവവചനത്തിനും വിശുദ്ധ കുർബാനയ്ക്കും ചുറ്റും ഒരുമിച്ചുകൂട്ടപ്പെട്ട വിശ്വാസികളുടെ സമൂഹമാണ് ഇടവക. ഇടവക എന്നത് ഒരു ദേശത്തെ സഭയുടെ സാന്നിദ്ധ്യവും, ദൈവവചനം ശ്രവിക്കാനുള്ള ഒരു അന്തരീക്ഷവും, ക്രൈസ്തവ ജീവിതത്തിന്റെ വളർച്ചയ്ക്കും ആരാധനയ്ക്കും ആഘോഷത്തിനുമുള്ള ഒരിടവുമാണ്" (EG 28).

ഈശോയിൽ വിശ്വസിക്കുന്ന, അവിടുത്തെ ആരാധിക്കുന്ന ഒരു സമൂഹമായി നാം എങ്ങനെയാണ് ചരിത്രത്തിൽ നിലനില്ക്കുകയും വളരുകയും ചെയ്യുക? ഫ്രാൻസീസ് മാർപാപ്പയുടെ 'യുവനിഷത്ത് എക്ലേസിയ' എന്ന തിരുവെഴുത്ത് പറയുന്നതുപോലെ "ദൈവവചനത്തിന്റെ ശക്തിയിൽ പുനരുജ്ജീവിക്കപ്പെടുന്ന തിരുസ്സഭ പരിശുദ്ധാത്മാവിനാൽ അനസ്യൂതം നവീകരിക്കപ്പെടുകയും പണുതുയർത്തപ്പെടുകയും ചെയ്യുന്നു; സ്വതന്ത്രമെന്നതുപോലെ (Charismatic) തന്നെ ക്രമബദ്ധമായ (Hierarchical) വരങ്ങളാൽ അലങ്കരിക്കപ്പെടുകയും ചെയ്യുന്നു."

ലോകത്തെ രക്ഷിക്കുവാനായുള്ള ദൈവത്തിന്റെ അഗാധ സ്നേഹത്തിന്റെ ഏറ്റവും വലിയ അടയാളമാണ് ഈശോ. സുവിശേഷങ്ങളിലുടനീളം പിതാവിനാൽ അയയ്ക്കപ്പെട്ടവനാണ് താൻ എന്ന ഈശോയുടെ വാക്കുകൾ നാം പലയാവർത്തി കേൾക്കുന്നുണ്ട്. "എന്നെ എന്റെ പിതാവ് അയച്ചതുപോലെ ഞാനും നിങ്ങളെ അയക്കുന്നു. (യോഹ 20:21). "മറ്റു സ്ഥലങ്ങളിലും ഞാൻ സുവിശേഷം പ്രഘോഷിക്കേണ്ടിയിരിക്കുന്നു; അതിനുവേണ്ടിയാണല്ലോ ഞാൻ അയയ്ക്കപ്പെട്ടിരിക്കുന്നത്" (ലൂക്കാ 4:43). ഈശോയുടെ ശിഷ്യൻമാർ അയയ്ക്കപ്പെട്ടവർ എന്ന് അർത്ഥമുള്ള ശ്ലീഹന്മാർ, അപ്പസ്തോലൻമാർ എന്നാണല്ലോ അറിയപ്പെട്ടിരുന്നത്. അതിൽ തന്നെ ശിഷ്യനായിരിക്കുന്നതിന്റെ പ്രധാന ദൗത്യം സന്ദേശവുമായി അയയ്ക്കപ്പെടുകയാണ് എന്ന് നാം മനസ്സിലാക്കുന്നു. ഈശോ തന്റെ ശിഷ്യൻമാരെ വിളിച്ചത് തന്നോടുകൂടെ ആയിരിക്കുന്നതിനും സുവിശേഷം പ്രസംഗിക്കാൻ അയക്കുന്നതിനും പിശാചുക്കളെ ബഹിഷ്കരിക്കാൻ അധികാരം നല്കുന്നതിനും വേണ്ടിയാണ്. പരിശുദ്ധ റൂഹായുടെ വരദാനങ്ങളാൽ അലങ്കരിക്കപ്പെട്ട മിശിഹായുടെ മൗതികശരീരമായ തിരുസ്സഭയിൽ മാമ്മോദീസായിലൂടെ ഭാഗഭാക്കുകളായ നാം സഭയിലൂടെ അവിടുത്തെ ജീവിതത്തിലും ദൗത്യത്തിലും പങ്കുചേരുന്നു. അതുകൊണ്ടുതന്നെ സുവിശേഷം അറിയിക്കുക എന്നത് ക്രൈസ്തവരെന്ന നിലയിൽ നമ്മുടെ ഏറ്റവും വലിയ കടമയാണ്. ക്രൈസ്തവരായിരിക്കുകയും സുവിശേഷം പ്രസംഗിക്കാതിരിക്കുകയും ചെയ്യുക എന്നത് വലിയ വൈരുദ്ധ്യമാണ്. ഇത് മനസ്സിലാക്കിയാണ് പൗലോസ് ശ്ലീഹാ 'സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്ക് ദുരിതം' (1 കൊറി 9:16) എന്ന് പറഞ്ഞത്. ശിഷ്യത്വത്തിന്റെ ആനന്ദം പൂർണ്ണമാകുന്നത് പ്രേഷിതത്വത്തിലാണ്. ഈശോയുടെ കൂടെ ആയിരിക്കുന്നത് ആനന്ദമാണ്. ഈ ആനന്ദത്തിൽ നിന്ന് സ്വാഭാവികമായും സുവിശേഷപ്രഘോഷണത്തിനുള്ള പ്രചോദനവും ശക്തിയും ലഭിക്കുന്നു. ഈശോയുടെ രക്ഷാകരമായ സ്നേഹത്തെ അനുഭവിച്ച ഏവർക്കും സുവിശേഷം അറിയിക്കുന്നതിന് പ്രത്യേകമായ പരിശീലനമോ അനുകൂലമായ സമയത്തിനുള്ള കാത്തിരിപ്പോ ആവശ്യമില്ല. (EG 120)

ഈശോയെ കണ്ടുമുട്ടിയ ഓരോരുത്തരിലും പ്രേഷിത ചൈതന്യം ജ്വലിച്ചുനിന്നു. അവിടുന്ന് അവരെ മുൻകൂട്ടി അറിയിക്കുകയും ഒരുക്കുകയും ചെയ്തതുപോലെ അവർ പലരും അതികഠിനമായ സഹനങ്ങളെയും അതിജീവിച്ചാണ് സുവിശേഷ സന്ദേശം മറ്റുള്ളവർക്കു പകർന്നത്. സുവിശേഷം നൽകുന്ന ആനന്ദം എപ്പോഴും കൃതജ്ഞതാപൂർണ്ണമായ അനുസ്മരണത്തിൽ നിന്നുമാണ് ഉദയം കൊള്ളുന്നത്. പങ്കുവയ്ക്കപ്പെടാനും പകർന്നുകൊടുക്കുവാനും നമ്മെ അതിശക്തമായ രീതിയിൽ പ്രേരിപ്പിക്കുന്ന ഈ ദിവ്യസ്മരണ വിശുദ്ധ കുർബാനയിൽ നിഷിപ്തമായിരിക്കുന്നു. നിങ്ങൾ എന്റെ നാമത്തിൽ ഒരുമിച്ചു കൂടുമ്പോൾ ഇത് എന്റെ ഓർമ്മയ്ക്കായ് ചെയ്യുവിൻ (ലൂക്കാ 22:19). അതുകൊണ്ട് വിശുദ്ധ കുർബാനയെ കേന്ദ്രമാക്കി നാം നമ്മുടെ സഭാത്മകജീവിതത്തെ പണിതുയർത്തുന്ന ഈ ഘട്ടത്തിൽ നാം വ്യക്തമായി മനസ്സിലാക്കേണ്ടത്, വിശുദ്ധ കുർബാനയുടെയും ഭക്ത കൃത്യങ്ങളുടെയും അനുഷ്ഠാനത്തിനുവേണ്ടിമാത്രം നാം ഒരുമിച്ചു കൂടുന്നു എന്നല്ല, അതിൽ നിന്ന് ലഭിക്കുന്ന ജ്വലിക്കുന്ന തീക്ഷണതയാൽ നാം ഒരു പ്രേഷിത സമൂഹമായി മാറുവാനും സന്നദ്ധരാകുന്നു എന്നാണ്. സുവിശേഷം അറിയിക്കുക തിരുസഭയുടെ ദൗത്യമാണ്. സുവിശേഷ പ്രഘോഷണത്തിനു വേണ്ടി നാം നടത്തുന്ന എല്ലാ പരിശ്രമങ്ങളും നമ്മെ സഭയുടെ ഇന്നലെയും നാളെയുമായി കൂട്ടിവിളക്കുന്നു. വിശുദ്ധ ഗ്രന്ഥത്തിലും ആരാധനക്രമത്തിലുമെല്ലാം സുവിശേഷം അറിയിച്ചവരെക്കുറിച്ചുള്ള പ്രാർത്ഥനാപൂർണ്ണമായ അനുസ്മരണമുണ്ട്. നിങ്ങളോട് വചനം പ്രസംഗിച്ചവരെ അനുസ്മരിക്കുവിൻ (ഹെബ്രാ 13:7). ഈ ഓർമ്മ സീറോ മലബാർ ആദ്ധ്യാത്മികതയുടെ സവിശേഷതയാണ്. "വിജയം വരിച്ച നീതിമാന്മാരുടെയും മകുടം ചൂടിയ രക്തസാക്ഷികളുടെയും സ്മരണ

യോടുകൂടെ നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ ഓർമ്മ വിശുദ്ധ ബലിപീഠ ത്തിങ്കൽ ഉണ്ടാകട്ടെ" എന്ന് വിശുദ്ധ കുർബാനയിൽ നാം പ്രാർത്ഥിക്കുന്നുണ്ടല്ലോ.

സുവിശേഷകയായ സഭ ആദ്യമായി തന്നെ സുവിശേഷത്തിന്റെ ചൈതന്യത്താൽ നവീകരിക്കപ്പെടുകളും വിശുദ്ധീകരിക്കപ്പെടുകയും വേണം. (EG 15). തിരുസ്സഭയുടെ വളർച്ച എന്നത് ദൃശ്യമായ സംവിധാനങ്ങളുടെയോ സ്ഥാപനങ്ങളുടെയും വളർച്ച യായി മാത്രം തെറ്റിധരിക്കപ്പെട്ടു പോകുക വളരെ എളുപ്പമാണ്. എന്നാൽ യഥാർത്ഥ മായ സുവിശേഷ പ്രഘോഷണ ചൈതന്യമോ നവജീവനോ തിരുസ്സഭയുടെ വിളിയോ ടുള്ള വിശ്വസ്തതയോ ഇല്ലാത്ത ഏത് സംവിധാനവും വളരെ വേഗം തന്നെ ഫലപ്രധ മല്ല എന്ന് തെളിയും. നാം അറിഞ്ഞതും അനുഭവിച്ചതുമായ രക്ഷ മറ്റുള്ളവരിലേക്ക് പകരുക ശിഷ്യത്വത്തിന്റെ ദൗത്യമാണ്. സുവിശേഷം അറിയിക്കുന്നതിൽ നിന്ന് നമു ക്കാർക്കും ഒഴിഞ്ഞുമാറാനാകാത്ത സാഹചര്യങ്ങൾ ഇന്നും നമുക്കു ചുറ്റുമുണ്ട്. "നമ്മെ യഥാർത്ഥത്തിൽ അസ്വസ്ഥതപ്പെടുത്തുകയും നമ്മുടെ മനസാക്ഷിയെ നൊമ്പരപ്പെടു ത്തുകയും ചെയ്യേണ്ടതായ ഒരു കാര്യം ഈശോ മിശിഹായോടുള്ള സൗഹൃദത്തിൽ നിന്ന് ലഭിക്കുന്ന ശക്തിയും വെളിച്ചവും സമാശ്വാസവും എന്തെന്നറിയാതെ ഒരു വിശ്വാസസമൂഹത്തിന്റെ പിന്തുണയില്ലാതെ, ജീവിതത്തിന് ഒരു അർത്ഥമോ ലക്ഷ്യമോ ഇല്ലാതെ നമ്മുടെ അനേകം സഹോദരീസഹോദരന്മാർ ജീവിക്കുന്നുണ്ട് എന്നുള്ളത് സത്യമാണ്" (EG 3) എന്ന ഫ്രാൻസീസ് മാർപാപ്പയുടെ വാക്കുകൾ ഇവിടെ സ്മരണീ യമാണ്. ഈശോ മിശിഹാ നിങ്ങളിൽ രൂപപ്പെടുന്നതുവരെ ഞാൻ ഈറ്റു നോവ് അനു ഭവിക്കുന്നു (ഗലാ 4:19) എന്ന പൗലോസ് ശ്ലീഹായുടെ വാക്കുൾ പോലെ എല്ലാവരും ഈശോയുടെ സ്നേഹം അറിയുന്നതുവരെ അവിശ്രമം പ്രയത്നിക്കുവാൻ നമ്മുടെ വിശ്വാസം നമ്മെ പ്രേരിപ്പിക്കുന്നു. വിശ്വാസ സമൂഹം എന്ന നിലയിൽ നാം നമ്മെ ത്തന്നെ ഈ ദൗത്യത്തിനായി ഒരുക്കേണ്ടതുണ്ട്. സുവിശേഷത്തിന്റെ ആനന്ദത്തിൽ പ്രാൻസീസ് മാർപാപ്പ പറയുന്നു: "സഭയുടെ സകല ഭാവങ്ങളെയും - രീതികളും പ്രവർത്തനെ ശൈലിയും സമയവും മുൻഗണനകളും ഭാഷയും സംവിധാനങ്ങളു മെല്ലാം - സ്വന്തം പരിരക്ഷണത്തിനെന്നതിനേക്കാൾ സുവിശേഷപ്രഘോഷണത്തിന് സഹായകമായ രീതിയിൽ നവീകരിക്കാൻ പര്യാപ്തമായ ഒരു പ്രേഷിതചൈത ന്യത്തെ ഞാൻ സ്വപ്നം കാണുന്നു". (EG 27)

നവമായ ഒരു പ്രേഷിത മുന്നേറ്റം ലക്ഷ്യം വെച്ചുകൊണ്ടാണ് നമ്മുടെ രൂപതയിൽ 2019 ലെ വലിയ നോമ്പിനോടനുബന്ധിച്ച് ഗ്രാൻഡ് മിഷൻ ഒരുക്കിയിരിക്കുന്നത്. വിശുദ്ധ പോൾ ആറാമൻ മാർപാപ്പ ഇറ്റലിയിലെ മിലാൻ ആർച്ചുബിഷപ്പായിരിക്കെയാണ് ദൈവവചനത്തിലൂന്നിയ ഇടവക നവീകരണത്തിനുള്ള ഈ പദ്ധതി ഗ്രാൻഡ് മിഷൻ എന്ന പേരിൽ ആദ്യമായി ആവിഷ്കരിച്ചത്.

ദൈവം നമുക്കുവേണ്ടി ഒരുക്കുന്ന വലിയ കൃപയുടെ ദിവസങ്ങളാണിത്. വിശ്വാസ ത്തിന്റെ ആഘോഷവും കൈമാറ്റവും ലക്ഷ്യം വച്ചാണ് ഇടവകകളും മിഷനുകളും കേന്ദ്രമാക്കി നമ്മൾ ഗ്രാൻഡ് മിഷൻ നടത്തുന്നത്. ഇതിലൂടെ നമ്മുടെ എല്ലാവരു ടെയും ഹൃദയങ്ങൾ തുറക്കപ്പെടണം. പൗലോസ് ശ്ലീഹാ പറഞ്ഞ കാര്യങ്ങൾ സ്വീകരി ക്കാൻ കർത്താവ് ലിഡിയായുടെ ഹൃദയം തുറന്നതുപോലെ (നട 16:14) ഗ്രാൻഡ് മിഷ നിലൂടെ ഗ്രേറ്റ് ബ്രിട്ടൺ രൂപതയിലെ ഓരോ വിശ്വാസിയുടെയും ഹൃദയം കൃപയാൽ തുറക്കപ്പെടണം. ഇതു വഴി നമ്മുടെ രൂപതയെ ഒരു നല്ല ദൈവഭവനമാക്കി നമുക്കു മാറ്റാം. നമ്മുടെ സമൂഹം മുഴുവനായും ഇതിനായി പ്രാർത്ഥിച്ച് ഒരുങ്ങേണ്ടതായുണ്ട്. നമ്മുടെ സഭയിലെ പ്രഗല്ഭരായ വചനപ്രഘോഷകരാണ് ഈ മിഷന് നേതൃത്വം നൽകുന്നത്. ഗ്രാൻഡ് മിഷന് മുന്നോടിയായി പരിശീലനം സിദ്ധിച്ച അല്മായ പ്രേഷി തർ നമ്മുടെ എല്ലാ ഭവനങ്ങളും സന്ദർശിച്ച് നിങ്ങളെ വ്യക്തിപരമായി ഗ്രാൻഡ് മിഷ

നിലേക്ക് ക്ഷണിക്കുന്നതിനായി ഹോം മിഷനും ക്രമീകരിക്കുന്നതാണ്. ഗ്രാൻഡ് മിഷൻ നടക്കുന്ന ഓരോ സ്ഥലത്തും ഏതെങ്കിലുമൊരു ദിവസം സാധിക്കുന്നിടത്തോളം സമയം നിങ്ങളോടൊത്ത് പ്രാർത്ഥിക്കുവാനും വചന പ്രഘോഷണം നടത്തുവാനും ഞാൻ ആഗ്രഹിക്കുന്നു.

വചനത്തിന്റെ ജീവദായകമായ പ്രഭയിൽ നമ്മുടെ രൂപതയിലെ ഓരോ അംഗവും കുടുംബവും, മിഷനും, ഇടവകയും പുതുചൈതന്യത്തിലേക്കും തീക്ഷണതയിലേക്കും ഉണരട്ടെ എന്ന് പ്രാർ ത്ഥിച്ചുകൊണ്ട് ഗ്രാൻഡ് മിഷൻ 2019 വചനം മാംസമായ, ഈശോയുടെ അമ്മയായ പരിശുദ്ധ കന്യകാ മറിയത്തിന് സമ്പൂർണ്ണമായി സമർപ്പിക്കുന്നു.

നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധ റൂഹായുടെ സംസർഗ്ഗവും നിങ്ങളോടുകൂടെ ഉ ായിരിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Joseph Srampickal

മാർ ജോസഫ് സ്രാമ്പിക്കൽ
ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപതാ മെത്രാൻ

പ്രസ്റ്റൺ, 21/12/2018

---

NB: ഈ ഇടയലേഖനം ഗ്രേറ്റ് ബ്രിട്ടണിൽ സീറോ മലബാർ കുർബാന അർപ്പിക്ക പ്പെടുന്ന എല്ലാ സമൂഹങ്ങളിലും 2019 ജനുവരി 28ന് മുമ്പ് വായിക്കേ താണ്.

**Mar Joseph Srampickal**
Bishop, Syro Malabar Eparchy of Great Britain

Bishop's Office
St. Alphonsa of Immaculate Conception Cathedral,
St. Ignatius Square
Preston, Lancashire
United Kingdom
PR1 1TT
Email: smbishopofgb@gmail.com

# Schedule of the Grand Mission 2019

**22 – 24 February 2019**

| Sl. No. | Name of the Parish/Mission | Centres | Preacher | Priest Co-ordinator |
|---|---|---|---|---|
| 1 | St. Jude Knanaya | Coventry, Kettering, Leicester | Rev. Fr Jibil Kuzhivelil | Fr. Sajimon Kuriakose (Fr. John Malayilputhenpurayil) |
| 2. | St. Stephen's Knanaya | Middlesbrough, Newcastle | Br. Santhosh T | Fr. Saji Lukose Thottathil (Fr. Simon Thottathil) |

**1-3 March 2019**

| | | | | |
|---|---|---|---|---|
| 1. | Mar Sleeva | Ashford Inter., Broadstairs, Canterbury, Chestfield, | Br. Sebastian Thannikkal | Fr. Hans Puthiakulangara (Fr. Augustine Puthiakulangara MST) |
| 2. | St. Padre Pio | Gillingham, Maidstone, Southborough | Rev. Fr. Thomas Olikkarott | Fr. Tomy Adattu Chacko (Fr. Thomas Adattu) |
| 3. | St. Peter | Basildon, Chelmsford, Southend-on-Sea | Br. Dominic P.D. | Fr. Shijo Alappadan Chakku (Fr. Varghese Alappadan) |
| 4. | St. Monica | East Ham, Hornchurch | Rev. Fr. Soji Olikkal | Fr. Joseph Anthiamkulam John (Fr. Joseph Anthiamkulam MCBS) |
| 5. | St. John Maria Vianny | Morden, Thornden Heath (Part of), Tolworth, | Rev. Fr. Joseph Edattu VC | Fr. Saju Pinakkattu Thomas (Fr. Thomas Pinakkattu Ofm Cap.) |
| 6. | St. Xavier | Leagrave – (Luton), Stevenage, Ware | Rev. Fr. Antony Parankimalil VC | Fr. Sebastian Chamakala John (Fr. Sebastian Chamakala) |
| 7. | St. Thomas More | Bexhill-on-Sea, Brighton, Eastbourne, Hailshaem, Hastings | Rev. Fr. Jose Palliyil V.C | Fr. Joy Alappat (Fr. Joseph Alappat CMI) |
| 9. | Christ The King Knanaya | Birmingham | Br. Santhosh T | Fr. Shanju Kochuparambil John (Fr. Luke Kochuparambil) |
| 8. | St. Joseph's Knanaya | London | Rev. Fr Jibil Kuzhivelil | Fr. Baby Kattiyangal Uthup (Fr. Mathew Kattiyangal) |

**8-10 March 2019**

| | | | | |
|---|---|---|---|---|
| 1. | St. Chavara Kuriakose | Wembley | Rev. Fr. Jose Palliyil V.C | Fr. John Menonkari CMI |
| 2. | St. Mark | Bromley, Catford-Lee, Dartford, Thornden Heath (Part of) | Rev. Fr. Thomas Olikkarott | Fr. Tomy Adattu Chacko (Fr. Thomas Adattu) |

| | | | | |
|---|---|---|---|---|
| 3. | St. Mary's and Blessed Kunjachan | Enfield, Edmonton, Harlow, Walthamstow | Br. Mario Joseph | Fr. Joseph Anthiamkulam John (Fr. Joseph Anthiamkulam MCBS) |
| 4. | Holy Queen of Rosary and St. Dominic Savio | Aylesbury, Hounslow, Hemel Hempstead, Slough, Watford, Hayes, Harefield, High Wycombe | Br. Sabu Aaruthotty | Fr. Sebastian Chamakala John (Fr. Sebastian Chamakala) |
| 5. | St. Clare | Crowborough, East Grinstead, Haywards Heath, Horsham, Redhill | Br. Dominic P.D. | Fr. Binoy Nilayattingal Thomas (Fr. Paul Nilayattingal) |
| 6. | St. Augustine | Andover, Basingstoke, Reading | Rev. Fr. Antony Parankimalil VC | Fr. Tomy Chirackalmanavalan (Fr. Thomas Chirackalmanavalan) |
| 7. | St. Catherine | Chichester, Yapton Littlehampton, Worthing, | Br. Sebastian Thannikkal | Fr. Joy Alappat (Fr. Joseph Alappat CMI) |
| 8. | Holy Kings Knanaya | Gloucestershire, Hereford, Worcestershire | Br. Santhosh T | Fr. Shanju Kochuparambil John (Fr. Luke Kochuparambil) |
| 9. | St. Anthony's Knanaya | Wales (Cardiff, Swansea) | Rev. Fr Jibil Kuzhivelil | Fr. Sajimon Kuriakose (Fr. John Malayilputhenpurayil) |

**15-17 March 2019**

| | | | | |
|---|---|---|---|---|
| 1. | St. Bernadette | Aldershot, Frimley, Guildford, Woking (West Byfleet) | Rev. Fr. Jose Palliyil V.C | Fr. Roy Joseph (Fr. George Muthumakkal MST) |
| 2. | Our Lady of Nativity | Portsmouth | Br. Reji Kottaram | Fr. Rajesh Abraham (Fr. George Anathil) |
| 3. | St. Thomas | East Leigh, Hedgent, Salisbury, Southampton, | Rev. Fr. Antony Parankimalil VC | Fr. Tomy Chirackalmanavalan (Fr. Thomas Chirackalmanavalan) |
| 4. | St. John the Baptist | Boscombe, Bournemouth, Dorchester, New Milton, Poole | Br. Sabu Aaruthotty | Fr. Chacko Panathara CM |
| 5. | St. James | Exeter, Plymouth, Taunton, Torquay, Yeovil | Br. Dominic P.D. | Fr. Sunny Paul Aranjanil |
| 6. | St. Thomas | Bristol, Bath, Western-Super-Mare | Br. Mario Joseph | Fr. Biju Mathai Vettikattu (Fr. Paul Vettikattu CST) |
| 7. | St. John Bosco | Cheltenham, Gloucester, Hereford, Swindon | Br. Sebastian Thannikkal | Fr. Jose Poovannikunnel CSsR |
| 8. | St. Teresa of Calcutta Knanaya | East Anglia | Rev. Fr Jibil Kuzhivelil | Fr. Sajimon Kuriakose (Fr. John Malayilputhenpurayil) |
| 9. | St. Pius X Knanaya | Blackpool, Liverpool, Preston | Br. Santhosh T | Fr. Jose Thomas (Fr. Jose Thekkunilkunnathil) |

**22-24 March 2019**

| | | | | |
|---|---|---|---|---|
| 1. | St. Alphonsa | Burry St. Edmonds, Colchester, Clacton-on-Sea, Ipswich | Br. Santhosh Karumathra | Fr. Thomas Parakandathil |
| 2. | Our Lady of Walsingham | Cambridge, Haverhill, Papworth, Huntington | Rev. Fr. Jose Palliyil V.C | Fr. Philip John (Fr. Philip Panthamakal) |

| | | | | |
|---|---|---|---|---|
| 3. | St. Faustina | Corby, Kettering, Rushden, Raunds | Br. Sebastian Thannikkal | Fr. Wilson Thuruthumaul Sebastian (Fr. Philip Kottam MSFS) |
| 4. | St. Thomas | Bedford, Milton Keynes, Northampton | Br. Mario Joseph | Fr. Benny Joseph (Fr. Benedict Valiyaveettil MSFS) |
| 5. | Good Shepherd | Banbury, Oxford | Br. Sabu Aaruthotty | Fr. Jijimon Puthuveettilkalam (Fr. Antony Puthuveettilkalam SJ) |
| 6. | St. Francis Assisi | Redditch, Worchester | Rev. Fr. Antony Parankimalil VC | Fr. Sebastian Namattathil |
| 7. | St. Benedict | Northfield, Stechford, Wamley | Br. Dominic P.D. | Fr. Terin Thomas Mullakara (Fr. John Mullakara) |
| 8. | St. Gabriel | Burton-on-Trent, Derby | Br. Reji Kottaram | Fr. Biju Joseph (Fr. Cherian Kunnackattu) |
| 9. | St. George's Knanaya | South West (Bristol, Cornwall, Devon, Swindon) | Rev. Fr Jibil Kuzhivelil | Fr. Sajimon Kuriakose (Fr. John Malayilputhenpurayil) |
| 10. | St. John Paul II Knanaya | Kent | Br. Santhosh T | Fr. Baby Kattiyangal Uthup (Fr. Mathew Kattiyangal) |

**29-31 March 2019**

| | | | | |
|---|---|---|---|---|
| 1. | Our Lady of Perpetual Help | Crewe, Stafford, Stoke-On-Trent | Br. Mario Joseph | Fr. George Ettuparayil (Fr. Rony Kurian George) |
| 2. | Our Lady of Perpetual Help | Sedgley, Telford, Walsall | Br. Reji Kottaram | Fr. Terin Thomas Mullakara (Fr. John Mullakara) |
| 3. | Our Lady Queen of Peace | Litherland | Rev. Fr. Antony Parankimalil VC | Fr. Jino Varghese Arikkatt (Fr. Paul Arikkatt MCBS) |
| 4. | St. Thomas | Macclesfield, Northwich, Wythenshawe, Aston-Oldham, Central Manchester, North Manchester, Stockport | Br. Sebastian Thannikkal | Fr. Joseph Anchanickal Sebastian (Fr. Joseph Anchanickal) |
| 5. | St. Anne | Bolton, Rochdale | Rev. Fr. Joseph Edattu VC | Fr. Mathew Jacob (Fr. Mathew Choorapoikayil) |
| 6. | St. Mary | Leeds | Br. Santhosh Karumathra | Fr. Benny Thomas (Fr. Mathew Mulayolil) |
| 7. | St. Elizabeth | Darlington, Middlesbrough, Northallerton | Rev. Fr. Jose Palliyil V.C | Fr. James Antony Chundelikkat (Fr. Antony Chundelikkat) |
| 8. | English Martyrs | Newcastle, Sunderland | Br. Dominic P.D. | Fr. Rogi Thomas (Fr. Thomas Narithookkil CST) |
| 9. | St. Mary's Knanaya | Manchester | Rev. Fr Jibil Kuzhivelil | Fr. Sajimon Kuriakose (Fr. John Malayilputhenpurayil) |

**5-7 April 2019**

| | | | | |
|---|---|---|---|---|
| 1. | St. Joseph | Coventry, Nuneaton | Rev. Fr. Jose Palliyil V.C | Fr. Sebastian Namattathil |
| 2. | St. John | Clay Cross, Mansfield, Nottingham, Worksop | Br. Mario Joseph | Fr. Biju Joseph (Fr. Cherian Kunnackattu) |

| | | | | |
|---|---|---|---|---|
| 3. | Bl. Mariyam Thresia | Doncaster, Rotherham, Sheffield | Br. Sebastian Thannikkal | Fr. Benny Thomas (Fr. Mathew Mulayolil) |
| 4. | St. Ephrem & St. Luke | Hull, Scunthorpe, Bridlington, Chesterfield, Scarborough, York, | Br. Santhosh Karumathra | Fr. James Antony Chundelikkat (Fr. Antony Chundelikkat) |
| 5. | Sacred Heart | Boston, King's Lynn | Rev. Fr. Antony Parankimalil VC | Fr. Philip John (Fr. Philip Panthamakal) |
| 6. | St. Thomas | Gorleston, Norwich | Br. Dominic P.D. | Fr. Thomas Parakandathil |

**12-14 April 2019**

| | | | | |
|---|---|---|---|---|
| 1. | St. Mary | Aberdeen, Inverness | Br. Sebastian Thannikkal | Fr. Joseph Joseph Pinakkattu (Fr. Joseph Pinakkattu) |
| 2. | St. Alphonsa and St. Anthony | Edinburgh, Livingston, Falkirk, Kirkcaldy | Br. Mario Joseph | Fr. Sebastian Thuruthippillil |
| 3. | St. Mary | Hamilton | Rev. Fr. Jose Palliyil V.C | Fr. Joseph Vembadamthara VC |
| 4. | St. Thomas | Glasgow, Isle of Arran | Br. Dominic P.D. | Fr. Binu Sebastian (Fr. Cyriac Kizhakeelamthottam CMF) |
| 5. | St. Alphonsa of the Immaculate Conception | Blackpool Parish, Blackburn, Isle of Man, Preston Cathedral Parish | Rev. Fr. Antony Parankimalil VC | Fr. Mathew Jacob (Fr. Mathew Choorapoikayil) |

**15-17 April 2019**

| | | | | |
|---|---|---|---|---|
| 1. | St. John XXIII | Salford, Trafford | Br. Mario Joseph | Fr. Mathew Jacob (Fr. Mathew Choorapoikayil) |
| 2. | St. Joseph | Chester-Ellesmere Port, Wirral | Br. Sebastian Thannikkal | Fr. Joseph Anchanickal Sebastian (Fr. Joseph Anchanickal) |
| 3. | St. Sebastian | Leicester | Rev. Fr. Soji Olikkal | Fr. George Thomas (Fr. George Chelackal) |
| 4. | Our Lady of Lourdes | Peterborough, Spalding | Rev. Fr. Joseph Edattu VC | Fr. Philip John (Fr. Philip Panthamakal) |

**26-28 April 2019**

| | | | | |
|---|---|---|---|---|
| 1. | St. Maria Goretti & Infant Jesus | Barry, Cardiff, Newport, Aberystwyth, Carmarthen, Morriston, Swansea | Rev. Fr. Daniel Poovannathil | Fr. Joy Vayalil Joseph (Fr. James Vayalil CST) |

**NB:** The Priest Co-ordinator is requested to fix the venue and time of the Grand Mission and to inform the same to the Curia (email: smcuiragb@gmail.com) on or before 31st January 2019. He is also asked to contact the person concerned to make the necessary arrangements for the Home Mission.

**Mar Joseph Srampickal**
Bishop, Syro Malabar Eparchy of Great Britain

Bishop's Office
St. Alphonsa of Immaculate Conception Cathedral,
St. Ignatius Square
Preston, Lancashire
United Kingdom
PR1 1TT
Email: smbishopofgb@gmail.com

## Contact Person of Each Region for Home Mission

| Region | Name | Mobile No. | Email |
|---|---|---|---|
| Preston | Mary George | 07453276896 | merrigeo@hotmail.com |
| Bristol-Cardiff | Dn Joseph Philip | 07912413445 | jphilip@hotmail.co.uk |
| Cambridge | Shaji Thomas | 07888695823 | shaji111@hotmail.co.uk |
| Coventry | Sibyl Jacob | 07572815076 | jakesibil2004@yahoo.co.uk |
| Glasgow | Jacob Varghese | 07960149670 | jobi.bindu@yahoo.co.uk |
| London | Mathachan | 07915602258 | vvmat1@yahoo.co.uk |
| Manchester | Raju Antony & Denny | 07912217960 | rajuantony71@yahoo.com |
| Southampton | Jojo Cherian | 07832964627 | jojack20@hotmail.com |